# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണിമല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി.11/448/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണിമല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി.11/448/2023 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2023 | 23-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-03-2023 | 23-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം. എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി. എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജയിംസ് പി. സൈമൺ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഷോളി ഫിലിപ്പ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 11-04-2021 |
| ഷിജുകുമാർ സി. | സെക്രട്ടറി | 12-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സിമി ഇബ്രാഹിം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ജ്യോതിസ് കെ. എം. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. മുഹമ്മദ് ആസിഫ് | മെഡിക്കൽ ഓഫീസർ(PHC) | 01-04-2021 | 31-03-2022 |
| പ്രേമോൾ ദാസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| സുബിൻ ബാബു കെ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മണിമല) | 01-04-2021 | 15-08-2021 |
| ആൻസി ജോസഫ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മണിമല) | 16-08-2021 | 31-03-2022 |
| ശോഭനാകുമാരി എം. പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഷെറിൻ അമ്പിളി ജെയിംസ് | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2021 | 16-05-2021 |
| പാർവ്വതി വി. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 17-05-2021 | 31-05-2021 |
| ഷെറിൻ അമ്പിളി ജെയിംസ് | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-06-2021 | 28-06-2021 |
| അജീഷ് കെ. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 29-06-2021 | 12-08-2021 |
| പാർവ്വതി വി. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 16-08-2021 | 30-09-2021 |
| അജീഷ് കെ. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ- | 01-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| | LSGD | | |
| ഷോളി ഫിലിപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ജിസ്സ ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

13/08/2021 മുതൽ 15/08/2021 വരെ അസിസ്റ്റന്റ് എഞ്ചിനീയർ-LSGD തസ്തിക ഒഴിവ്

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-11 |
| 12 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഇളവ് -ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു | 1-12 |
| 13 | മുപ്പത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകി | 1-13 |
| 14 | വാണിജ്യാവശ്യകെട്ടിടത്തിന് അതിന്റെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ല | 1-14 |
| 15 | ആശുപത്രിയുടെ വസ്തുനികുതി - പ്രവർത്തിക്കുന്ന ഭാഗങ്ങൾ മുഴുവനായും വസ്തുനികുതി ചുമത്തിയിട്ടില്ല | 1-15 |
| 16 | ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല | 1-16 |
| 17 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 18 | ഷോപ്പിങ്ങ് കോംപ്ലക്സ് മുറികളുടെ കുത്തകക്കാർ വാടക നിക്ഷേപം ഒടുക്കിയിട്ടില്ല | 1-18 |
| 19 | IFTEOS ലൈസൻസ്- അടിസ്ഥാന ഡേറ്റാബേസിൽ അപാകതകൾ | 1-19 |
| 20 | വാടക/ലേലം - ഇ.എം.ഡി. തുക വരുമാനമായി ക്രമീകരിക്കുന്നില്ല | 1-20 |
| 21 | ഇ-ടെണ്ടർ ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-21 |
| 22 | മഴക്കാലപൂർവ്വശുചീകരണം - ചെലവിന്റെ കൃത്യമായ വിവരങ്ങൾ ഇല്ല | 1-22 |
| 23 | കാട് വെട്ടി യന്ത്രം വാങ്ങിനൽകൽ , മണിമല ഇക്കോഷോപ്പിന് അടിസ്ഥാന സൗകര്യ വികസനം - ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി | 1-23 |

| | | |
|---|---|---|
| | കരാറിലേർപ്പെടേണ്ടതാണ്. | |
| 24 | മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-24 |
| 25 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-2,300/- രൂപ അധികമായി ചെലവഴിച്ചു | 1-25 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലനം | 1-26 |
| 27 | ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്താതെ കൈവശം സൂക്ഷിച്ചു-ഗുരുതരമായ കൃത്യവിലോപം | 1-27 |
| 28 | സ്ഥലം വാങ്ങി നല്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | കക്കൂസ് നിർമ്മാണം -തുക അധികം നല്കി | 1-29 |
| 30 | ലൈഫ് ഭവന പദ്ധതി | 1-30 |
| 31 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 32 | തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു | 1-32 |
| 33 | റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബാരൽ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല | 1-33 |
| 34 | പൊതു ശുചിത്വ സമുച്ചയം - നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുക | 1-34 |
| 35 | വട്ടകുന്നാമല പൊതുശ്മശാനം നവീകരണം - എർത്ത് ഫില്ലിംഗ് - കൺസോളിഡേഷൻ തുക കുറവ് ചെയ്തില്ല | 1-35 |
| 36 | 9-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് - നിർവ്വഹണത്തിലെ അപാകത | 1-36 |
| 37 | പട്ടികജാതി ഉപപദ്ധതികൾ - പ്രോജക്ടിനൊപ്പം സാമൂഹ്യ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. | 1-37 |
| 38 | ദുരിതാശ്വാസനിധി തനത് ഫണ്ട് സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടിലും സൂക്ഷിച്ചിരിക്കുന്നു | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 18/03/2022 തീയതിയിലെ 5/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും 2021-22 ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 11,562,504/- | 14,819,985/- |
| വരവ് | 169,469,400/- | 78,180,132/- |
| ആകെ | 181,031,904/- | 93,000,117/- |
| ചെലവ് | 169,455,306/- | 77,851,601/- |
| നീക്കിയിരിപ്പ് | 11,576,598/- | 15,148,516/- |

ബജറ്റ് പ്രകാരം 16.95 കോടി രൂപയുടെ പ്രതീക്ഷിത വരവും 16.94 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 13.26 കോടി രൂപയും ചെലവ് 13.5 കോടി രൂപയുമാണ്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയത് യഥാർത്ഥ കണക്കുകളുമായി അന്തരത്തിലാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥത്തിലുള്ള മുന്നിരിപ്പുമായി പൊരുത്തപ്പെടുന്ന രീതിയിൽ കൃത്യമായി കണക്കാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ബജറ്റ് മുന്നൊരുക്കം നടത്തേണ്ടതാണ്. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 മുതൽ 74 വരെ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള എല്ലാ പത്രികകളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 149,628,203/- രൂപയും ചെലവ് 152,799,776/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 3,171,573/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 61,423,024/- രൂപയും ബാധ്യതകളുടെ മൂല്യം 46,781,791/- രൂപയും ജനറൽ ഫണ്ട് 14,641,233/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമായില്ല.
2. 31/03/2022 ബാലൻസ് ഷീറ്റ് (ബി9 ഷെഡ്യൂൾ) 320100999-Other Liabilities ശീർഷകത്തിലുള്ള 32,637/- രൂപ നീക്കിയിരിപ്പ് ഏതിനം ഫണ്ടാണ് എന്ന് വ്യക്തമല്ല.
3. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. 350410101, 350410102, 350410301, 350410401 ശീർഷകങ്ങളിലെ യഥാക്രമം തൊഴിൽ നികുതി, ലൈസൻസ് ഫീസ് അക്രുവൽ വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെയും 31/03/2022 ലെ നീക്കിയിരിപ്പിന്റെയും വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല. മുൻവർഷങ്ങളിൽ തൻവർഷത്തേക്കായി ലഭിച്ച നികുതി/നികുതിയേതര വരവുകൾ 2021-22 വർഷത്തേക്കുള്ളത് മുഴുവനായും ക്രമീകരിക്കപ്പെട്ടോ എന്നതിൽ വ്യക്തതയില്ല.

5. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല.
6. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന എഞ്ചിനീയറിങ്ങ് പ്രോജക്ട് ചെലവുകൾ റവന്യൂ ചെലവുകളായിട്ടാണ് അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഇപ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകത മൂലം പഞ്ചായത്തിന്റെ യഥാർത്ഥ ധനകാര്യ സ്ഥിതി (Financial Position) ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.
7. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ പാർട്ട് ബിൽ, ഫൈനൽ ബിൽ ക്രമീകരണത്തിന്റെ കൃത്യത വ്യക്തമല്ല.
8. 06/11/2021-ലെ സ.ഉ.(കൈ) നം.261/2021/ത.സ്വ.ഭ.വ. യിലെ നിർദ്ദേശപ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ 18/03/2022 ലെ 25/1 നം. തീരുമാനത്തിൽ 2021 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ 23 കടമുറികൾക്ക് 122,031/- രൂപ വാടക ഇളവ് നൽകിയിരുന്നു. 2021-22 വർഷത്തെ വാടക ഡിമാന്റ് തുക ഇളവ് ഒഴിവാക്കിയാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. യഥാർത്ഥ ഡിമാന്റ് അക്കൗണ്ട് ചെയ്തശേഷം ഇളവ് ക്രമീകരിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്.
9. കുടുംബശ്രീ ചലഞ്ച് ഫണ്ട് 1,325,800/- രൂപ ലഭിച്ചത് കുടുംബശ്രീക്ക് കൈമാറിയത് ഗ്രാന്റ് തിരിച്ചടവായി അക്കൗണ്ട് ചെയ്തിരിക്കുന്നു(RP-31).
10. വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിൽ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചത് അക്കൗണ്ട് ചെയ്തിട്ടില്ല (19/22-1.05 ലക്ഷം, 18/22-9 ലക്ഷം, 21/22-3.75 ലക്ഷം). നേരിട്ട് ചെലവഴിച്ച ഗുണഭോക്തൃ വിഹിതം ചെലവ് ധനകാര്യ പത്രികയിലും ചെലവ് പത്രികയിലും ഉൾപ്പെട്ടിട്ടില്ല.
11. പ്രോജക്ട് നം.131/22 പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ചെലവഴിച്ച 4 ലക്ഷം രൂപ കരാറുകാരന് നൽകിയത് കെ.എസ്.ഇ.ബി.-യിൽ നിക്ഷേപമായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് (RP-47 ഷെഡ്യൂൾ 460500202 ശീർഷകം).
12. ആയുർവേദ-ഹോമിയോ മരുന്ന് വാങ്ങൽ പ്രോജക്ട് ചെലവുകൾ (5/22-10 ലക്ഷം, 4/22-1 ലക്ഷം) മെയിന്റനൻസായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. മരുന്ന് വാങ്ങൽ ചെലവുകൾ സേവന മേഖലയിൽ ഉൾപ്പെടേണ്ടതായിരുന്നു.
13. ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ ചെലവ് ശീർഷകത്തിൽ (320700204) 31/03/2022 ബാലൻസ് ഷീറ്റിൽ 3,8645/- രൂപ നെഗറ്റീവ് നീക്കിയിരിപ്പ് പ്രതിഫലിക്കുന്നു.
14. തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ക്യാഷ് ബുക്ക് പ്രകാരമുള്ളത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി 2022-23 വർഷം തന്നെ പരിഹരിക്കേണ്ടതാണ്. കണക്കുകൾ കൃത്യമാക്കുന്നതിന് അക്കൗണ്ട് ചെയ്യുന്ന ജേർണൽ വൗച്ചറുകളുടെ വിശദാംശങ്ങൾ അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സെക്രട്ടറി കൃത്യമായി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ വരവ്, ചെലവ്, ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയ നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14,819,985/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78,180,132/- |
| ആകെ | 93,000,117/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77,851,601/- |
| നീക്കിയിരിപ്പ് | 15,148,516/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,72,954/- |

## 1-4 ഗ്രാന്റ് വിനിയോഗം

മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. ധനകാര്യ പത്രിക പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയവും ചുവടെ വിവരിക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12,468,760/- | 12,468,760/- | 12,127,771/- | 340,989/- | 97.27 |
| വികസന ഫണ്ട്-SCSP | 0 | 9,914,317/- | 9,914,317/- | 9,576,618/- | 337,699/- | 96.59 |
| വികസന ഫണ്ട്-TSP | 0 | 481,240/- | 481,240/- | 439,000/- | 42,240/- | 91.22 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 5,572,303/- | 5,572,303/- | 4,787,149/- | 785,154/- | 85.91 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 6,481,440/- | 6,481,440/- | 3,325,856/- | 3,155,584/- | 51.31 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 14,778,460/- | 14,778,460/- | 10,410,367/- | 4,368,093/- | 70.44 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5,202,519/- | 5,202,519/- | 2,560,942/- | 2,641,577/- | 49.23 |
| ദുരിതാശ്വാസ നിധി | 22,959/- | 23,336/- | 46,295/- | 30,098/- | 16,197/- | - |
| TSC ഗ്രാന്റ് | 2,136,015/- | 0 | 2,136,015/- | 1,009,000/- | 1,127,015/- | - |
| ICDS ഫണ്ട് | 481,156/- | 825,363/- | 1,306,519/- | 1,306,519/- | 0 | - |
| ലൈബ്രറി ഗ്രാന്റ് | 0 | 14,780/- | 14,780/- | 14,780/- | 0 | - |
| അംഗൻവാടി ഗ്രാന്റ് | 82,000/- | 0 | 82,000/- | 0 | 82,000/- | - |
| ശുചിത്വ മിഷൻ | 43,897/- | 0 | 43,897/- | 0 | 43,897/- | - |
| ലൈഫ് സ്റ്റേറ്റ് ഫണ്ട് | 203,142/- | 1,900,000/- | 2,103,142/- | 500,000/- | 1,603,142/- | - |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 0 | 1,325,800/- | 1,325,800/- | 1,325,800/- | 0 | - |
| ഗുണഭോക്തൃ | 45,817/- | 564,636/- | 610,453/- | 567,313/- | 43,140/- | - |

| | | | | | | |
|---|---|---|---|---|---|---|
| വിഹിതം | | | | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം(Capital) | 90,000/- | 0 | 90,000/- | 0 | 90,000/- | - |
| ജില്ല പഞ്ചായത്ത് വിഹിതം(Revenue) | 519,487/- | 0 | 519,487/- | 0 | 519,487/- | - |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 35,319/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 12,129,000/- | 339,760/- | 12,468,760/- | 216/22-379,600/-<br>217/22-379,600/-<br>229/22-379,600/-<br>218/22-352,000/-<br>220/22-242,000/-<br>230/22-242,000/-<br>ആകെ-1,974,800/- | 10,493,960/- |
| വികസന ഫണ്ട്-SCSP | 9,864,000/- | 50,317/- | 9,914,317/- | 219/22-205,333/-<br>221/22-110,000/-<br>231/22-110,000/-<br>ആകെ-425,333/- | 9,488,984/- |
| വികസന ഫണ്ട്-TSP | 439,000/- | 42,240/- | 481,240/- | 222/22-7,333/-<br>232/22-7,333/-<br>ആകെ-14,666/- | 466,574/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 4,818,000/- | 4,853,319/-<br>35,319/- | 5,202,519/- | ഇല്ല | 5,202,519/- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 14,174,000/- | 604,460 | 14,778,460/- | ഇല്ല | 14,778,460/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 2,258,000/- | 5,531,438/-<br>40,865/- | 5,572,303/- | ഇല്ല | 5,572,303/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 3,387,000/- | 3,094,440/- | 6,481,440/- | ഇല്ല | 6,481,440/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പഞ്ചായത്തിന്റെ

ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. 2021-22 വർഷത്തെ ഇ-ഗ്രാമസ്വരാജ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ ധനകാര്യ 40,865/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ വരവായി ഗ്രാന്റ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
4. 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസനഫണ്ട് (SCSP-50,317/-, TSP-42,240/- ), മെയിന്റനൻസ് ഗ്രാന്റ്(Non Road-349,200/-, Road-604,460/-) എന്നീ ഗ്രാന്റുകളുടെ ക്യാരി ഓവർ അലോട്ട്മെന്റുകൾ ലഭിച്ചത് അക്കൗണ്ട് ചെയ്തിട്ടില്ല. ഗ്രാന്റ് പത്രികയിൽ ടി ഗ്രാന്റുകളുടെ അലോട്ട്മെന്റിലും നീക്കിയിരിപ്പിലും പ്രസ്തുത വ്യത്യാസം പ്രതിഫലിക്കുന്നു.
5. പ്രോജക്ട് നം.112/22 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് 2.5 ലക്ഷം രൂപ ചെലവ് പത്രികയിലും ഗ്രാന്റ് പത്രികയിലും പ്രതിഫലിച്ചിട്ടില്ല. ചെലവ് പത്രിക ആയതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) ചെലവിൽ 2.5 ലക്ഷം രൂപ കുറവായി കാണുന്നു.
6. മുൻവർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ ചെലവ് ശീർഷകത്തിൽ(320700204) നിന്ന് ഗ്രാന്റ് നീക്കിയിരിപ്പിൽ അധികമായി ചെലവ് അക്കൗണ്ട് ചെയ്തത് ക്രമീകരിക്കാത്തതിനാൽ നെഗറ്റീവ് നീക്കിയിരിപ്പ് 31/03/2022 ബാലൻസ് ഷീറ്റിലും പ്രതിഫലിക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 പദ്ധതി അവലോകനം

മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം.81898/DPC/DPO/KTM തീയതി 10.3.22 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വികസന സെമിനാർ | 18.2.21 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം | 27.01.21 |
| പദ്ധതിരൂപീകരണ ഗ്രാമസഭ | 16.2.21 മുതൽ 12.2.21 വരെ |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 27.6.21,1.10.21,20.12.21,1/22,3/22 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1866306 | 1849147 | 99 |
| വെറ്ററിനറി സർജൻ | 6 | 6 | 4100000 | 2720000 | 66.34 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 3 | 3 | 1300000 | 1299096 | 99.9 |

| | | | | | |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1036167 | 155131 | 14.97 |
| വി.ഇ.ഒ.1 | 13 | 8 | 44519847 | 12902164 | 28.98 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4 | 7116300 | 5225069 | 73.4 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1021950 | 1021950 | 100 |
| സെക്രട്ടറി | 38 | 33 | 12206074 | 8780812 | 71.9 |
| വി.ഇ.ഒ2 | 6 | 3 | 30804934 | 3365900 | 10.9 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 91 | 45 | 36027473 | 18144049 | 50.36 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 12 | 2028201 | 1976671 | 97.4 |
| ആകെ | 188 | 126 | 142027252 | 57439989 | 40.44 |

അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 91 പ്രോജക്ടുകളിൽ 45 പ്രോജക്ടുകളുടെ നിർവ്വഹണം മാത്രമാണ് തൻവർഷം പൂർത്തീകരിച്ചത്. മെയിന്റനൻസ് ഗ്രാന്റ് റോഡ്/നോൺ റോഡ് വിഭാഗങ്ങളിൽ നിന്നും തൻവർഷം യഥാക്രമം 70.44%, 49.23% മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. മെയിൻനൻസ് ഗ്രാന്റ് റോഡ്/നോൺ റോഡ് വിഭാഗങ്ങളിൽ നിന്നും തൻ വർഷം 7009670/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. വികസനഫണ്ട് ചെലവഴിയ്ക്കാൻ കാണിക്കുന്ന ശുഷ്കാന്തി മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നതിനും ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ കൃത്യമായി വിനിയോഗിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല -93ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു</u>

പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, വി.ഇ.ഒ.മാർ, ഫിഷറീസ് ഇൻസ്പെക്ടർ എന്നിവർക്ക് പ്രോജക്ടുകൾ പൂർണ്ണമായും തൻവർഷം നടപ്പാക്കാനായില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 91 പ്രോജക്ടുകളിൽ 45 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്.

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാൽ ബില്ലുകൾ പാസ്സാകാതിരുന്നതും മൂലം 9311669 രൂപയുടെ പദ്ധതിത്തുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 340989 |
| എസ് സിപി | 337699 |
| ടി എസ് പി | 42240 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 2641577 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 4368093 |
| സിഎഫ് സി ഗ്രാന്റ് | 380289+1200784=1581073 |
| ആകെ | 9311671 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല

വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് പ്രോജക്ട് പ്രകാരം തുക കൈമാറിയിരുന്നുവെങ്കിലും കൂടുതൽ പ്രോജക്ടുകളും നിലവിലും നടപ്പാക്കാതെ പ്രോജക്ട് തുക നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായിട്ടാണ് കാണുന്നത്. നിർവ്വഹണ ഏജൻസിയുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 263 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 209 പദ്ധതികളിൽ 135 എണ്ണം പൂർത്തീകരിച്ചു. 2021-22 വർഷം 15 ഗ്രാമസഭകൾ കൂടുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 95822 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1483 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മണ്ണ്, ജല സംരക്ഷണ പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2021-22 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം (ക്യാഷ് ബുക്ക് പ്രകാരം) ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 3950.50 |
| വരവ് | 2021-22 EFMS വരവ് | 31683440 | 33887193 |
| | ക്യാഷ് വരവ് | 922624 | |
| | ഓൺ ഫണ്ടിൽ നിന്നുള്ള ലോൺ | 1281129 | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 33891143.5 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 27905809 | 32968384 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 916588 | |
| | ഉപകരണ വില, വാടക | 2861043 | |
| | ഭരണച്ചെലവ്(ശമ്പളം ഉൾപ്പെടെ) | 1284944 | |
| നീക്കിയിരിപ്പ് | | | 922759.5 |

MNREGS ക്യാഷ് ബുക്കിലെ കണക്കുകൾ പഞ്ചായത്തിന്റെ 2021-22 വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല .

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

2021-22 വർഷം മണിമല ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10,560/- | 6 |
| വാർദ്ധക്യകാലപെൻഷൻ | 28,371,800/- | 1829 |
| കർഷകതൊഴിലാളി പെൻഷൻ | 3,402,100/- | 193 |
| വിധവാപെൻഷൻ | 11,684,700/- | 736 |

| | | |
|---|---|---|
| 50 വയസിലധികം പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 497,600/- | 32 |
| വികലാംഗപെൻഷൻ | 4,356,600/- | 268 |
| വിവാഹ ധനസഹായം | 330,000/- | 11 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.03.2023 തീയതിയിൽ 3.00 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11499/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. പ്രോജക്റ്റ് ഫയലുകളോടൊപ്പം ബന്ധപ്പെട്ട മോണിറ്ററിങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പഞ്ചായത്തിലെ ജീവനക്കാരും, നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിന് അർപ്പണബോധത്തോടെ പ്രവർത്തിച്ചതിനാൽ തൻവർഷം വികസനഫണ്ട്(ജനറൽ), ടി.എസ്.പി വിഭാഗങ്ങളിൽ 100% തുക ചെലവഴിയ്ക്കാൻ സാധിച്ചു (31.03.22ൽ മുൻവർഷത്തെ ക്യാരിഓവർ വിഹിതമായി ലഭിച്ച അലോട്ട്മെന്റ് ഒഴിവാക്കിയാൽ) ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റ് കാലയളവിലെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ ചിട്ടയോടെ സൂക്ഷിച്ചിരുന്നില്ല. ബില്ലുകളുടെ പകർപ്പ്, റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് തുടങ്ങി പ്രോജക്റ്റ് സംബന്ധമായ അനുബന്ധ രേഖകൾ ക്രമമായി അടുക്കി സൂക്ഷിയ്ക്കാത്തതിനാൽ ഫയൽ പരിശോധനയ്ക്ക് കൂടുതൽ സമയം ചെലവഴിക്കേണ്ടി വന്നു. ഫയലുകൾ രേഖകളെല്ലാം ഉൾപ്പെടുത്തി കൃത്യമായി അടുക്കി സൂക്ഷിക്കാൻ എഞ്ചിനീയറിംഗ് വിഭാഗം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/11/2022 | 01/2022 - 03/2022 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഏപ്രിൽ-2016 | 2011-12 - 2015-16 | LBA(HQ)I/8A-2427/20,21 തീയതി – 12/05/2016 |

## 1-11 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

പഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 1,238,230/- രൂപ വിവിധ നിക്ഷേപങ്ങളായി പഞ്ചായത്തിന് ബാധ്യതയായി അവശേഷിക്കുന്നുണ്ട്. 2021-22 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത നിക്ഷേപങ്ങൾ ഏകദേശം 3 മുതൽ 10 വർഷങ്ങൾക്ക് മുൻപ് ലഭ്യമായത് വരെ നിലവിലും ക്യാരി ഓവർ ചെയ്തുവരുന്നതായി കാണുന്നു. പ്രോജക്ട് അല്ലെങ്കിൽ ഉദ്ദേശ്യം പൂർത്തിയാക്കിയ ശേഷവും 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് ഭരണസമിതിയുടെ അനുമതിയോടുകൂടി മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു (Kerala Financial Code Vol-1, Article-282). 2021-22 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായി മുന്നിരിപ്പ് വിശദാംശം ലഭ്യമായിരിക്കെ കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2021-22 /18.03.2023) നൽകിയതിന് മറുപടിയായി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 06/03/2023 ലെ 3(1) നം. തീരുമാനത്തിൽ മൂന്ന് വർഷം പൂർത്തിയാക്കി ക്ലെയിം ചെയ്യപ്പെടാത്ത 646,525/- രൂപയുടെ നിക്ഷേപം മുതൽക്കൂട്ടുന്നതിന് ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തിരിക്കുകയാണ് എന്നറിയിച്ചു. ജനറൽ കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി കാലഹരണപ്പെട്ട നിക്ഷേപങ്ങൾ 2022-23 വർഷം തന്നെ മുതൽക്കൂട്ടേണ്ടതാണ്. തുക മുതൽക്കൂട്ടിയതിന്റെ വിശദാംശം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ജേർണൽ വൗച്ചർ നമ്പർ ഉൾപ്പെടെ ചേർക്കേണ്ടതാണ്. മുൽക്കൂട്ടിയ ഡെപ്പോസിറ്റുകളുടെ വിശദമായ സ്റ്റേറ്റ്മെന്റും ഭരണസമിതി തീരുമാനവും 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ ബന്ധപ്പെട്ട ഷെഡ്യൂളും പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-12 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഇളവ് -ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഇളവ് നൽകിയ കെട്ടിടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | വിസ്തീർണ്ണം | പേര് /വിലാസം |
|---|---|---|---|
| 1. | 3/105 K | 30 $M^2$ | കുട്ടപ്പൻ കെ .പി. , കൊറ്റംചിറ,പഴയിടം |
| | 3/106 A | 56 $M^2$ | |
| 2 | 14/496 A | 15 $M^2$ | തങ്കമ്മ കൊച്ചുപിള്ള , ഇരുപ്പക്കൽ, കരിക്കാട്ടൂർ, കരിക്കാട്ടൂർ |
| | 14/497 | 36 $M^2$ | |
| 3 | 10/164 | 60 $M^2$ | ഷാജു ഒ. ഐ, കുളയാംകുഴിയിൽ,ആലപ്ര |
| | 10/164 A | 49 $M^2$ | |
| 4 | 10/232 A | 47.36 $M^2$ | രാധാമണി നാരകത്തോലിൽ,ആലപ്ര, |
| | 10/232 B | 33 $M^2$ | |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 07/22.03.2023) വിശദമായ പരിശോധന നടത്തി അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

**1-13 മുപ്പത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകി**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ.ൽ താഴെയുള്ള വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 120ച.മീറ്റർ വിസ്തീർണമുള്ള താഴെപ്പറയുന്ന കെട്ടിടത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ.ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു .

| വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|
| 3/327 K | തോമസ് ബാബു | പാർപ്പിടം | 120 $M^2$ |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 07/22.03.2023) വിശദമായ പരിശോധന നടത്തി അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-14 വാണിജ്യാവശ്യകെട്ടിടത്തിന് അതിന്റെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയായി ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ വാണിജ്യാവശ്യകെട്ടിടത്തിന് അതിന്റെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | ജോണി ജോർജ് |
| കെട്ടിട നമ്പർ | 01/489 |
| തറവിസ്തീർണ്ണം | 190 ച.മീറ്റർ |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ താഴെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് (30/ച.മീറ്റർ) |

| | |
|---|---|
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കാൻ ആധാരമാക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് (50/ച.മീറ്റർ) |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-07/22.03.23 ) അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കാൻ കർശനമായും ശ്രദ്ധിക്കേണ്ടതാണ്. 1993ൽ ARV പ്രകാരം നികുതി നിർണ്ണയിച്ചിട്ടുള്ളതും 2013ൽ Plinth Area അടിസ്ഥാനമാക്കി നികുതി പുനർനിർണ്ണയിച്ചിട്ടുള്ളതുമായ കെട്ടിടമായതിനാൽ അടുത്ത വസ്തു നികുതി പരിഷ്കരണത്തിൽ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ആശുപത്രിയുടെ വസ്തുനികുതി - പ്രവർത്തിക്കുന്ന ഭാഗങ്ങൾ മുഴുവനായും വസ്തുനികുതി ചുമത്തിയിട്ടില്ല

സെന്റ് തോമസ് ഹെൽത്ത് സെന്റർ എന്ന ആശുപത്രി ഗ്രാമപഞ്ചായത്തിന്റെ പതിനഞ്ചാം വാർഡിൽ പ്രവർത്തിക്കുന്നു. സ്ഥാപനത്തിന്റെ കെട്ടിടം പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാബേസിൽ ഉൾപ്പെടുന്നുണ്ട് (15-ാം വാർഡിൽ 2 എന്ന നമ്പറിൽ). അതിൽ താഴത്തെ നില 163.71 ച. മീ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥാപനം വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ചിത്രം പരിശോധിച്ചതിൽ നിന്നും ഒരു നില കൂടി ഉള്ളതായി കാണുന്നു .







. പഞ്ചായത്തിൽ നിന്നും നമ്പർ ലഭിച്ചതിന് ശേഷം ടി കെട്ടിടത്തിൽ നിർമ്മാണപ്രവർത്തനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/22.03.2023) പ്ലാൻ പ്രകാരം രണ്ട് നിലകൾ ഉണ്ടെന്നും കൂടുതൽ നിർമ്മാണ പ്രവർത്തനം നടത്തിയോ എന്നത് സംബന്ധിച്ച് സൈറ്റ് എൻക്വയറി നടത്തി അപാകതയുണ്ടെങ്കിൽ

നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി നൽകി .
മേൽ പരാമർശിച്ച കെട്ടിടത്തിൽ പരിശോധന നടത്തി നിയമാനുസൃതമല്ലാതെ ഉപയോഗിക്കുന്ന കെട്ടിടത്തിന്മേൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-16 ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല

9/7/2015 ലെ സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയിട്ടുണ്ടെങ്കിൽ മാത്രം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് .

100 ച.മീ മുതൽ 500 ച.മീ വരെ വിസ്തീർണം ഉള്ള കോഴി ഫാമുകൾക്ക് ഓഡിറ്റ് കാലയളവിൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ വ്യവസായത്തിനാവശ്യമുള്ള-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെട്ട പ്രസ്തുത കോഴി ഫാമുകൾക്ക് നമ്പർ അനുവദിച്ചതിന്റെ ഫയലുകൾ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച ഉത്തരവ് പാലിച്ചതിന്റേയോ, വില്ലേജ് ഓഫീസിൽ അറിയിച്ചതിന്റേയോ രേഖകൾ ഉണ്ടായിരുന്നില്ല. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 08/22.03.23) വിവരം വില്ലേജ് ഓഫീസിൽ അറിയിക്കുന്നതാണെന്ന് മറുപടി നൽകി .
ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ സംബന്ധിച്ച സർക്കാർ നിർദ്ദേശം കർശനമായി പാലിക്കാൻ ബന്ധപ്പെട്ട സെക്ഷനും ഓഫീസ് മേധാവിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

1-17 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരു വ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം മണിമല ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | ബിജു തോമസ് |
| 2 | മനോജ് തോമസ് |
| 3 | ജോർജ്കുട്ടി ദേവസ്യ |
| 4 | ഫെമി മാത്യു |
| 5 | ജോജു മാത്യു |

കരാറുകാർ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/22.03.23) തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി .

നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 , 14 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. കരാറുകാർ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-18 ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളുടെ കുത്തകക്കാർ വാടക നിക്ഷേപം ഒടുക്കിയിട്ടില്ല

2021-22 വാടക ഡിമാന്റ് രജിസ്റ്റർ ഇൻഡെക്സ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് ഷോപ്പിങ്ങ് കോംപ്ലെക്സുകളിലെ 24 മുറികളാണ് വാടകയ്ക്ക് നൽകിയിരുന്നത്. എന്നാൽ ഭൂരിഭാഗം കുത്തകക്കാരും വാടക നിക്ഷേപം (Rent Deposit) ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. കുത്തകക്കാർ ഓരോ മുറിയ്ക്കും ഒടുക്കിയ നിക്ഷേപം എത്രയാണ് എന്ന് ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 31/03/2022 ലെ ബാലസ് ഷീറ്റ് പ്രകാരം 200,500/- രൂപയാണ് വാടക നിക്ഷേപമിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നത്. 2021-22 ഡെപോസിറ്റ് രജിസ്റ്റർ പ്രകാരം ജോർജ് തോമസ്, വളയത്ത് എന്ന കുത്തകക്കാരൻ ഒടുക്കിയ 2 ലക്ഷം രൂപയും ബിനു എന്ന കുത്തകക്കാരന്റെ 500/- രൂപയുമുൾപ്പെടെയുള്ള നിക്ഷേപമാണ് പഞ്ചായത്ത് ഫണ്ടിലുള്ളത് എന്ന് കാണുന്നത്. ജോർജ് തോമസ് വളയത്ത് എന്ന കുത്തകക്കാരൻ 6 ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾക്ക് കുത്തകയുള്ളതാണ്. ഓരോ മുറികൾക്കും എത്രവീതമാണ് വാടക നിക്ഷേപമെന്നത് വേർതിരിച്ച് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. 500/- രൂപ നിക്ഷേപിച്ച ബിനു എന്ന കുത്തകക്കാരന്റെ മാസവാടക തന്നെ 1,817/- രൂപയാണ്. ആയതിനാൽ 24 മുറികളുള്ളതിൽ 6 മുറികൾ ഒഴികെ 17 മുറികളിലെ കുത്തകക്കാർ വാടക നിക്ഷേപം ഒടുക്കാതെയും ഒരു മുറിയുടെ കുത്തകക്കാരൻ നാമമാത്രമായ വാടക നിക്ഷേപം മാത്രം ഒടുക്കിയുമാണ് തുടർന്നിരുന്നത് എന്ന് വ്യക്തമാകുന്നു.

പഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലെക്സ് സംബന്ധിച്ച കരട് ബൈ-ലോ പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ് (ഫയൽ നം.1163/2021). ബൈലോയിലെ വ്യവസ്ഥ-11 പ്രകാരം കുത്തകക്കാർ വാടക നിക്ഷേപം ഒടുക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുത്തകക്കാരിൽ നിന്നും മതിയായ വാടക നിക്ഷേപം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കാതിരിക്കുന്നത് വാടക വ്യവസ്ഥകൾ കുത്തകക്കാർ ലംഘിക്കുന്ന സാഹചര്യത്തിൽ അവരുടെ വാടക ഈടാക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകും. കൂടാതെ കരട് ബൈ-ലോ പ്രകാരമുള്ള വ്യവസ്ഥ ലംഘനത്തിനും കാരണമാകും. വാടക നിക്ഷേപം അടവാക്കാതെ കുത്തകക്കാർ തുടരുന്ന അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2021-22/18.03.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. ഷോപ്പിങ്ങ് കോംപ്ലെക്സിലെ എല്ലാ മുറികൾക്കും കുത്തകക്കാരിൽ നിന്നും 2023-24 കരാർ ചമയ്ക്കുന്ന സമയത്ത് തന്നെ വാടകയ്ക്ക് ആനുപാതികമായ വാടക നിക്ഷേപം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കേണ്ടതാണ്. വാടക നിക്ഷേപം അടവാക്കിയ ശേഷം കണക്കുകൾ ഡിമാന്റ് രജിസ്റ്ററിലെ നിശ്ചിത കോളത്തിൽ ചേർക്കേണ്ടതാണ്. നടപടികൾ പൂർത്തിയായ ശേഷം എല്ലാ ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളുടെയും നിക്ഷേപ കണക്കുകൾ സ്റ്റേറ്റ്മെന്റായി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. നിയമാനുസൃത നിക്ഷേപം സ്വീകരിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിന് വാടക കുടിശ്ശികയിനത്തിൽ സംഭവിക്കുന്ന നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്.

1-19 IFTEOS ലൈസൻസ്- അടിസ്ഥാന ഡേറ്റാബേസിൽ അപാകതകൾ

പഞ്ചായത്ത് 2021-22 ലൈസൻസ് IFTEOS രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം രേഖകളുടെ ക്രോഡീകരണത്തിലും അക്കൗണ്ടിങ്ങിലും അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സിന്റെ ലിസ്റ്റ് തയ്യാറാക്കി വാർഡ് അടിസ്ഥാനത്തിലുള്ള ഡിമാന്റ് കണക്കാക്കിയിട്ടില്ല. ഫീസ് അടവാക്കിയ 83,200/- രൂപയാണ് ഡിമാന്റ് കണക്കാക്കി അക്കൗണ്ട് ചെയ്തിരിക്കുന്നത്.
2. 2021-22 ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 179 ട്രേഡർമാരും 36 കോഴിഫാമുകളും ഉൾപ്പടെ 215 ട്രേഡർമാരാണ് ഫീസ് ഒടുക്കി ലൈസൻസ് നേടിയിട്ടുള്ളത്. ലൈസൻസ് എടുത്ത ട്രേഡർമാർ മാത്രമാണ് ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ കെട്ടിട നമ്പർ ഉൾപ്പടെ ചേർത്ത് ഡിമാന്റ് ലിസ്റ്റും വാർഡ് അടിസ്ഥാനത്തിൽ ഡിമാന്റ് രജിസ്റ്ററും ലഭ്യമല്ല എന്നതിനാൽ പഞ്ചായത്തിലെ എല്ലാ ട്രേഡർമാരും ലൈസൻസ് പരിധിയിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല.
3. ലൈസൻസ് രജിസ്റ്റർ പേജ് നം.21 ൽ വിക്ടറി ഗ്രാനൈറ്റ് എന്ന സ്ഥാപനം 2020-21, 2021-22, 2022-23 എന്നീ 3 വർഷങ്ങളിലേക്ക് ലൈസൻസ് ഫീസ്(15,000/-), മെഷീനറി ഫീസ്(16,350/-) , തൊഴിൽ നികുതി(7,500/-) എന്നിവ മുൻകൂർ ഒടുക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മെഷീനറി ഫീസ് 5,420/- രൂപ തുക 2021-22 വർഷം അഡ്വാൻസ് ക്രമീകരിച്ചതായി കാണുന്നില്ല. 2021-22 വർഷം മെഷീനറി റണ്ണിങ്ങ് ഫീസ് വരുമാനം ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം 1,900/- രൂപ മാത്രമാണ്. മെഷീനറി റണ്ണിങ്ങ് ഫീസ് അഡ്വാൻസായും 2021-22 ൽ മുന്നിരിപ്പ് അവശേഷിച്ചിരുന്നില്ല.
4. ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന വരവുകളായ ലൈസൻസ് ഫീസ്, മെഷീനറി ഫീസ്, ട്രേഡർ തൊഴിൽ നികുതി എന്നിവ പ്രോഗ്രസീവ് ആയി ഓരോ പേജിലെയും കണക്കുകൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ലൈസൻസ് നടപടികളുമായി ബന്ധപ്പെട്ട അക്കൗണ്ടിങ്ങിലും രേഖകൾ സൂക്ഷിക്കുന്നതിലും മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/2021-22/23.03.2023) മറുപടി ലഭിച്ചില്ല. മേൽവിവരിച്ച അപാകതകൾ പരിഹരിക്കേണ്ടതും ലൈസൻസ് ഫീസ് ഡിമാന്റ് വാർഡ് അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതും വാർഡ് അടിസ്ഥാനത്തിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ച് ഡി.സി.ബി. തയ്യാറാക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ അടവാക്കിയ തൻവർഷത്തേക്കുള്ള വരുമാനത്തിന്റെ ക്രമീകരണവും ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലുള്ള ലൈസൻസ് ബാധകമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഡിമാന്റിൽ ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-20 വാടക/ലേലം - ഇ.എം.ഡി. തുക വരുമാനമായി ക്രമീകരിക്കുന്നില്ല

പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പ്രകാരം മണിമല ഹോളി മാഗി പള്ളി പെരുന്നാളിനോടനുബന്ധിച്ച് കച്ചവടം നടത്തുന്നതിന് മണിമല ഗ്രൗണ്ട് മൂന്ന് വ്യക്തികൾക്ക് വാടകയ്ക്ക് (Lease Of Land) നൽകിയിരുന്നു. 2021-22 ലേല രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള വരുമാനം 15,200/- രൂപയാണ്. എന്നാൽ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-3 പ്രകാരം രണ്ട് ശീർഷകങ്ങളിലായി (130100102,130800199) അക്കൗണ്ട് ചെയ്തിരിക്കുന്ന വരുമാനം 14,200/- രൂപയാണ്. രണ്ട് കുത്തകക്കാർ ഒടുക്കിയ 1,000/- രൂപ (രസീത് നം. 121030102092, 121030102093/21.12.2021) ഇ.എം.ഡി. തുക 130100102 ശീർഷകത്തിലേക്ക് ക്രമീകരിക്കാതിരുന്നതിനാലാണ് വരുമാനത്തിൽ കുറവുണ്ടായത്.

2021-22 ലേല രജിസ്റ്റർ പ്രകാരം പാഴ് വസ്തുക്കൾ ലേലം ചെയ്തതിൽ 6,850/- രൂപയ്ക്കാണ് വർഗീസ് പുതുപ്പറമ്പിൽ എന്ന വ്യക്തി ലേലം കൊണ്ടത്. എന്നാൽ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-5(b) പ്രകാരം 6,350/- രൂപ മാത്രമാണ് ലേല വരുമാനമായി 150120103 ശീർഷകത്തിലുള്ളത്. ലേലം കൊണ്ട വ്യക്തി ഒടുക്കിയ ഇ.എം.ഡി. തുക 500/- രൂപ (രസീത് നം.121030102070/21.12.2021) 150120103 ശീർഷകത്തിലേക്ക് വരുമാനമായി ക്രമീകരിക്കാതിരുന്നതിനാലാണ് 500/- രൂപയുടെ കുറവുണ്ടായത്.

മേൽവിവരിച്ച പ്രകാരമുള്ള ഭൂമി വാടക, പാഴ് വസ്തുക്കൾ ലേലം ഇനങ്ങളിലായി 1,500/- രൂപയുടെ

ഇ.എം.ഡി. തുക വരുമാനമായി ക്രമീകരിക്കാതിരുന്നതിനാൽ 31/03/2022 ബാലൻസ് ഷീറ്റിലും പഞ്ചായത്തിന്റെ വരുമാനം ബാധ്യതയായി അവശേഷിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/2021-22/22.03.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. 2021-22 വർഷത്തെ വരുമാനമാകേണ്ടിയിരുന്ന തുക ഇ.എം.ഡി. ശീർഷകത്തിൽ ബാധ്യതയായിട്ടുള്ളത് Prior Period ആയി 2022-23 വർഷം തന്നെ ക്രമീകരിക്കേണ്ടതാണ്. ഇ.എം.ഡി. തുക ക്രമീകരിച്ചതിന്റെ വിവരം ലെഡ്ജർ ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ നൽകേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാനങ്ങൾ നിക്ഷേപ തുകയിൽ നിന്ന് ക്രമീകരിക്കുന്ന സാഹചര്യത്തിൽ അക്കൗണ്ടിങ്ങ് ക്രമീകരണം നിർബന്ധമായും അതാത് വർഷം തന്നെ ചെയ്യേണ്ടതും വിശദാംശം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

### 1-21 ഇ-ടെണ്ടർ ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBIയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയുള്ള ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിലേയ്ക്ക് ലഭ്യമായില്ല. ടെണ്ടർ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കൂടി ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കേണ്ടതാണ്.

### 1-22 മഴക്കാലപൂർവ്വശുചീകരണം - ചെലവിന്റെ കൃത്യമായ വിവരങ്ങൾ ഇല്ല

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ എന്തൊക്കെ ശുചീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്നതു സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതായി കാണുന്നു. ചെലവുകൾ നടത്തിയ വൗച്ചറുകൾ പഞ്ചായത്തിൽ ഹാജരാക്കുമ്പോൾ വാർഡുതല സാനിട്ടേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് തുക കൈമാറി വരുകയാണ് ചെയ്യുന്നത്. മിക്ക വാർഡുകളിലും 10000 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ആയതിൽ പകുതിയും ഭക്ഷണത്തിനായി ചെലവഴിച്ചതായി കാണുന്നു. സന്നദ്ധപ്രവർത്തനത്തിലൂടെയാണോ ശുചീകരണ പ്രവർത്തനം നടത്തിയത് എന്നത് സംബന്ധിച്ച് വ്യക്തതയില്ല. കൃത്യമായ വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ വൗച്ചറിനൊപ്പം ഉൾപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-23 കാട് വെട്ടി യന്ത്രം വാങ്ങിനൽകൽ , മണിമല ഇക്കോഷോപ്പിന് അടിസ്ഥാന സൗകര്യ വികസനം - ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാറിലേർപ്പെടേണ്ടതാണ്.

1.

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ട് | 47/ 22 , കാട് വെട്ടി യന്ത്രം |
| ചെലവ് | 48600 ( വികസനഫണ്ട് (പൊതുവിഭാഗം))<br>(ബിൽ നം - 12/19.01.22 ) |

രണ്ട് കാട് വെട്ടി യന്ത്രങ്ങൾ മണിമല കാർഷിക കർമ്മസേനയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൈമാറി എന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ബില്ലിനൊപ്പം ചേർത്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ/ 14-02.18 ഖ. 6.1 (8) പ്രകാരം യന്ത്രത്തിന്റെ ഉപയോഗവും പരിപാലനവും ആയി ബന്ധപ്പെട്ട് കാർഷിക കർമ്മസേനയുമായി കരാറിലേർപ്പെട്ടിട്ടില്ല. സ്ഥാപനവുമായി കരാറിൽ ഏർപ്പെടാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഖണ്ഡിക 6.1 കുറിപ്പ് 5 പ്രകാരം ഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന്റെ റിപ്പോർട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൃഷി ഓഫീസർ

സമർപ്പിക്കേണ്ടതുമാണ്.

2.

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ട് | 93/ 22 , മണിമല ഇക്കോഷോപ്പിന് അടിസ്ഥാന സൗകര്യ വികസനം |
| ചെലവ് | 50000 ( വികസനഫണ്ട് ( പൊതുവിഭാഗം)) (ബിൽ നം - 11/19.03.22 ) |

ഇക്കോ ഷോപ്പിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി റെയ്ഡ്കോ കോട്ടയം ഇൻവോയ്സ് നം. KTM/1330/21-22/15.03.22 പ്രകാരം അലമാരകൾ, റാക്കുകൾ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി കൃഷി ഓഫീസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖ 6.1 ക്രമ നം. 16 പ്രകാരം മണിമല ഇക്കോ ഷോപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല. സ്ഥാപനവുമായി കരാറിൽ ഏർപ്പെടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, പി എച്ച് സി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിലെ മരുന്ന് / അനുബന്ധ ഉപകരണങ്ങൾ കാരുണ്യ ഫാർമസിയിൽ നിന്നും പൂർണ്ണമായി ലഭ്യമായില്ല.

| | ക്രമ നം .1 | ക്രമ നം .2 |
|---|---|---|
| പ്രോജക്ട് നമ്പർ/പേര് | 29/22 , പാലിയേറ്റീവ് പരിചരണം | 40/22, മരുന്ന് വാങ്ങൽ |
| അടങ്കൽ | 600000 (വികസനഫണ്ട് (പൊതു)) 200000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 489567 (മെയിന്റനൻസ് ഫണ്ട് (റോഡിതരം)) |
| ചെലവ് | 599990 (വികസനഫണ്ട് (പൊതു)) 199196 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 489567 (മെയിന്റനൻസ് ഫണ്ട് (റോഡിതരം)) |
| ബിൽ നം. തീയതി | 5/19.11.21 - 326334 രൂപ | 8/16.02.2022 – 89640 രൂപ |

ക്രമ നം. 1 ൽ പരാമർശിച്ചിരിക്കുന്ന ബിൽ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയ 326334 രൂപയിൽ 276605 രൂപയുടെ മരുന്നുകൾ / ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. ബാക്കി 49729രൂപയുടെ മരുന്നുകൾ / ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ക്രമ നം. 2 ൽ പരാമർശിച്ചിരിക്കുന്ന ബിൽ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയ 89640 രൂപയിൽ 86672 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി 2968 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ രണ്ട് പ്രോജക്ടുകളിലുമായി ചെലവഴിച്ച 52697 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-2,300/- രൂപ അധികമായി ചെലവഴിച്ചു

പ്രോജക്ട്-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(15/22)

അടങ്കൽ-15 ലക്ഷം (7 ലക്ഷം വികസന ഫണ്ട്, 1 ലക്ഷം തനത് ഫണ്ട്, 3 ലക്ഷം ബ്ലോക്ക്, 4 ലക്ഷം ജില്ല പഞ്ചായത്ത് വിഹിതം)

ചെലവ്-682,600/- വികസന ഫണ്ട്(ജനറൽ), 269,700/- ബ്ലോക്ക് വിഹിതം, 4 ലക്ഷം ജില്ല പഞ്ചായത്ത് വിഹിതം

നിർവ്വഹണം- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്റ്റ് പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന 44 കുട്ടികൾക്കും ശാരീരിക വെല്ലുവിളി നേരിടുന്ന 11 കുട്ടികൾക്കും 2021-22 വർഷം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 14/02/2018 ലെ സ.ഉ.(കൈ) നം.22/2018/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പരമാവധി അനുവദിക്കാവുന്ന ധനസഹായം 28,500/- രൂപയാണ്. എന്നാൽ തൻവർഷം ധനസഹായം അനുവദിച്ച വൈശാഖ് ആർ. നായർ (കെയർ ഓഫ് ലളിതാംബിക), പരുത്തുപാറ, മണിമല-പി.ഒ. (വാർഡ്-15) എന്ന ഗുണഭോക്താവിന് 2,300/- രൂപ അധികമായി അനുവദിച്ചതായി കാണുന്നു (ആകെ-30,800/-). വൈശാഖ് എന്ന ഗുണഭോക്താവിനായി ലളിതാംബികയുടെ 67202444485 നം. SBI അക്കൗണ്ടിലേക്ക് പ്രോജക്ടിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ബിൽ നം. | തുക | UTR Number |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 58/07.10.2021 | 5,000/- | RBI2852104226147 |
| വികസന ഫണ്ട്(ജനറൽ) | 78/29.10.2021 | 2,500/- | RBI3202159458854 |
| ജില്ല പഞ്ചായത്ത് വിഹിതം | 106/11.11.2021 | 12,000/- | RBI0262271556900 |
| വികസന ഫണ്ട്(ജനറൽ) | 87/11.11.2021 | 5,000/- | RBI3202159445503 |
| വികസന ഫണ്ട്(ജനറൽ) | 208/19.02.2022 | 6,300/- | RBI0542218774621 |
| ആകെ 2021-22 വർഷം നൽകിയ തുക | | 30,800/- രൂപ | |

ഗുണഭോക്താവിന്റെ സ്കോളർഷിപ്പിനുള്ള അപേക്ഷ ഫയലിൽ അസീസി സെന്റർ, ചുങ്കപ്പാറ(School For Mentally Challenged) സ്കൂൾ പ്രിൻസിപ്പൽ 28,500/- രൂപയാണ് സ്കോളർഷിപ്പ് തുക 20/09/2021 ൽ സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. 2,300/- രൂപ സ്കോളർഷിപ്പ് അധികമായി നൽകിയ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/2021-22/22.03.2023) നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ 2,300/- രൂപ 23/03/2022 ലെ 1220201855/G05104 നം. രസീത് പ്രകാരം 350300199 ശീർഷകത്തിൽ അടവാക്കി മറുപടി ലഭ്യമാക്കി. ബാധ്യത ശീർഷകത്തിലെ ടി തുക വികസന ഫണ്ട് (ജനറൽ) തിരിച്ചടവായി പഞ്ചായത്ത് സെക്രട്ടറി ട്രഷറിയിൽ അടവാക്കി ചെലാൻ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലനം

പ്രോജക്ട്-പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(21/22)

അടങ്കൽ-7.5 ലക്ഷം {3.75 ലക്ഷം വികസന ഫണ്ട്(ജനറൽ), 3.75 ലക്ഷം നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം}

ചെലവ്- 3.75 ലക്ഷം വികസന ഫണ്ട്(ജനറൽ)-ബിൽ നം.184/07-02-2022

നിർവ്വഹണം-വെറ്ററിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലനത്തിന് 30 ഗുണഭോക്താക്കളുടെ ഉരുക്കളെ എൻറോൾ ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ 30/12/2021 ലെ PR No.136/2021 നം. കത്ത് പ്രകാരം ഗുണഭോക്തൃ ലിസ്റ്റ്

കോട്ടയം കാ ഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസർക്ക് നൽകി. 07/02/2022-ൽ 3.75 ലക്ഷം രൂപ കാഫ് ഫീഡ് പ്രോഗ്രാം ട്രഷറി അക്കൗണ്ടിലേക്ക് (70801140000050) പ്രോജക്ട് പ്രകാരം അടവാക്കി. പഞ്ചായത്ത് ഭരണസമിതിയുടെ 13/09/2021 ലെ 1(4) നം. തീരുമാനം പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലനം ഫീഡ് വിതരണം ചാരുവേലി ക്ഷീരസംഘം മുഖേന നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. ഫീഡ് വിതരണം 32 മാസത്തേക്കായതിനാൽ പ്രോജക്ടിന്റെ പുരോഗതി നിരീക്ഷിക്കേണ്ടതും ഫീഡ് വിതരണം പൂർത്തിയായ ശേഷം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്. പ്രോജക്ട് കാലയളവ് പൂർത്തിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 3.75 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്താതെ കൈവശം സൂക്ഷിച്ചു-ഗുരുതരമായ കൃത്യവിലോപം

| | |
|---|---|
| പ്രോജക്റ്റ് നം. | 72/2021 |
| പ്രോജക്ടിന്റെ പേര് | ക്ളീൻ കോട്ടയം ഗ്രീൻ കോട്ടയം -ബയോബിൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ- 13-ാംധനകാര്യകമ്മിഷൻ ഗ്രാന്റ് | 780000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 429000 |
| തനത് ഫണ്ട് | 78000 |
| ഗുണഭോക്തൃ വിഹിത ം | 143000 |
| ആകെ | 1430000 |
| ചെലവ്- 13-ാംധനകാര്യകമ്മിഷൻ ഗ്രാന്റ് | 758580 (ബിൽ നം.22/24.03.2021) |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 121440 (ചെക്ക് നം.4380/24.02.2021) |
| തനത് ഫണ്ട് | - |
| ഗുണഭോക്തൃ വിഹിത ം | - |
| ആകെ | 880020 |

മേൽ പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതമിനത്തിൽ വി.ഇ.ഒ 5720 രൂപ 23.02.2022 ൽ പഞ്ചായത്തിൽ അടവാക്കിയതായി കാണപ്പെട്ടു. എന്നാൽ ഓഡിറ്റ് കാലയളവിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വി.ഇ.ഒ.യ്ക്ക് രസീത് ബുക്ക് നല്കിയിരുന്നില്ല. 25.02.2021 ലാണ് ടിയാന് അവസാനം രസീത് ബുക്ക് നല്കിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്ന പ്രോജക്ടുകൾ 2021-22 കാലയളവിൽ ഇല്ലാതിരുന്നിട്ടും 23.02.2022ൽ തുക അടവാക്കാനുണ്ടായ കാരണം സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയതിൽ ഗുരുതര അപാകതകൾ ശ്രദ്ധയിൽപ്പെട്ടു .

2020-21 വർഷം ശ്രീ. സുബിൻ ബാബു, വി.ഇ.ഒ നിർവ്വഹണം നടത്തിയ ബയോബിൻ എന്ന പ്രോജക്ട് പ്രകാരം 400 ബയോബിൻ 880000 രൂപയ്ക്ക് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്നും 2020-21 വർഷം വാങ്ങി വിതരണം നടത്തിയിരുന്നു. ആയതിലേക്ക് 24.02.2021, 24.03.2021 തീയതികളിലായി സോഷ്യോ ഇക്കണോമിക് യൂണിറ്റിന് തുക ട്രാൻസ്ഫർ ചെയ്ത് നല്കുകയും ചെയ്തിട്ടുണ്ട്. 400 പേർ 220 രൂപ വീതം ഗുണഭോക്തൃവിഹിതം നൽകി ബയോബിൻ കൈപ്പറ്റിയതായി രേഖപ്പെടുത്തിയ വാർഡ് അടിസ്ഥാനത്തിലുള്ള രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി. പ്രസ്തുത പ്രോജക്ടിന്റെ ധനകാര്യവിശകലനം പ്രകാരം ഒരു ബയോബിൻ യൂണിറ്റിന്റെ വില 2200 രൂപയാണ്.

ആയതിൽ 60% വികസന ഫണ്ട് വിഹിതവും 30% PBIG വിഹിതവും 10% ഗുണഭോക്തൃ വിഹിതമവുമാണ്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 .ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്താതെ വർഷങ്ങളായി കൈവശം സൂക്ഷി ച്ചു

ഒരു ബയോബിൻ യൂണിറ്റിന് ലഭിക്കേണ്ടിയിരുന്ന ഗുണഭോക്തൃവിഹിതം 220 രൂപയാണ്. ഗുണഭോക്തൃവിഹിതം പിരിവിനായി 47169 , 47170 എന്നീ രസീതുബുക്കുകളാണ് ഉപയോഗിച്ചത്. 143 പേർക്ക് മാത്രമാണ് രസീത് നൽകിയിട്ടുള്ളത്. രസീത് ഉപയോഗിച്ച് പിരിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | പിരിച്ച തുക | പിരിച്ച തീയതി | തുക പഞ്ചായത്തിൽ ഒടുക്കിയ തീയതി |
|---|---|---|---|---|
| 47169 | 1 മുതൽ 100 വരെ | 22000 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 03.03.2021 |
| 47170 | 1 മുതൽ26 വരെ | 5720 | ,, | 23.02.2022 |
| | 27 മുതൽ 43 വരെ ( 44 മുതൽ 100 വരെയുള്ളവ ക്യാൻസൽ ചെയ്തിട്ടുണ്ട് ) | 3740 | ,, | 08.03.2023 |
| ആകെ | | 31460 | | |

പ്രോജക്ട് നിർവ്വഹണം നടത്തിയ വി.ഇ.ഒ.യ്ക്ക് 15.08.2021-ൽ മണിമല ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലമാറ്റം ലഭിക്കുകയുണ്ടായി . ടിയാളുടെ കൈവശം സൂക്ഷിച്ചിരുന്ന ഗുണഭോക്തൃവിഹിതം സ്ഥലം മാറിപ്പോയതിനു ഒരു വർഷത്തിനു ശേഷം മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത് .

2. രസീത് നൽകാതെ ഗുണഭോക്തൃ വിഹിതം പിരിച്ചു

ബയോബിൻ ലഭിച്ച 400 പേരിൽ നിന്നും 220 രൂപ വീതം ഗുണഭോക്തൃവിഹിതം ഇനത്തിൽ 88000 രൂപ രസീത് ഉപയോഗിച്ച് പിരിക്കേണ്ടിയിരുന്നു. എന്നാൽ കേവലം 143 പേരിൽ നിന്നും 31460 രൂപ മാത്രമാണ് രസീത് പ്രകാരം പിരിവ് നടത്തിയിട്ടുള്ളത്. അതായത് ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുക്കേണ്ടിയിരുന്ന ബാക്കി തുകയായ 56540 രൂപ രസീത് മുഖേനയല്ലാതെ പിരിച്ചെടുക്കുകയും ഓഡിറ്റ് തീയതി വരെ പഞ്ചായത്തിൽ അടവാക്കാതെ കൈവശം സൂക്ഷിച്ച സാഹചര്യവും ഉണ്ടായി .

3.ഗുണഭോക്തൃവിഹിതം നല്കിയ ഗുണഭോക്താക്കൾക്ക് ബയോബിന്നുകൾ നൽകിയില്ല

400 ബയോബിന്നുകൾ വിതരണം ചെയ്തപ്പോൾ ഗുണഭോക്തൃവിഹിതം നല്കിയ 29 ഗുണഭോക്താക്കൾക്ക് (രസീത് ലഭിച്ചവർ) ബയോബിന്നുകൾ ലഭിക്കാതെ വരുകയും ടിയാളുകൾ പരാതി നല്കുകയും ചെയ്തിട്ടുണ്ട്. അതായത് ബയോബിൻ കൈപ്പറ്റിയ 400 പേരിൽ 29 പേർ പ്രസ്തുത പ്രോജക്റ്റിൽ ഉൾപ്പെട്ടവർ ആയിരുന്നില്ല. ആയതിനാൽ ടി 29 പേരുടെ ഗുണഭോക്തൃവിഹിതമിനത്തിലെ തുകയായ 6380 രൂപയും ഓഡിറ്റ് തീയതി വരെ പഞ്ചായത്തിൽ അടവാക്കാതെ കൈവശം സൂക്ഷിച്ച സാഹചര്യവും ഉണ്ടായി .

4.PBIG വിഹിതമിനത്തിലും ഗുണഭോക്തൃ വിഹിതമിനത്തിലും നല്കേണ്ടിയിരുന്ന തുക ധനകാര്യകമ്മീഷൻ വിഹിതത്തിൽ നിന്നും അധികം നല്കി

മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ ധനകാര്യവിശകലനം പ്രകാരം ഒരു ബയോബിൻ യൂണിറ്റിന്റെ വില 2200 രൂപയാണ്. ആയതിൽ 60% വികസന ഫണ്ട് വിഹിതവും 30% PBIG വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. ആയത് പ്രകാരം 400 ബയോബിന്നുകളുടെ വിലയായ 880000 രൂപയിൽ വികസന ഫണ്ട് വിഹിതം 528000 രൂപയും PBIG വിഹിതം 264000 രൂപയും ഗുണഭോക്തൃ വിഹിതം 88000 രൂപയുമാണ് അടവാക്കേണ്ടിയിരുന്നത് .എന്നാൽ നല്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നല്കേണ്ടിയിരുന്നത് | നല്കിയത് | വ്യത്യാസം |
|---|---|---|---|
| ധനകാര്യകമ്മിഷൻ വിഹിതം | 528000 | 758580 | (+)230580 |
| PBIG വിഹിതം | 264000 | 121440 | (-) 142560 |
| ഗുണഭോക്തൃ വിഹിതം | 88000 | 0 | (-) 88000 |

ഇപ്രകാരം PBIG വിഹിതമിനത്തിലും ഗുണഭോക്തൃ വിഹിതമിനത്തിലും നല്കേണ്ടിയിരുന്ന തുകയായ 230560 (142560+ 88000) രൂപ ധനകാര്യകമ്മിഷൻ വിഹിതത്തിൽ നിന്നും അധികം നല്കിയിട്ടുണ്ട്.

ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത 62920രൂപ (6380+ 56540 ) പഞ്ചായത്തിൽ അടവാക്കാതെ കൈവശം സൂക്ഷിച്ചതിനും ഗുണഭോക്തൃവിഹിതം നല്കിയ 29 ഗുണഭോക്താക്കൾക്ക് ബയോബിന്നുകൾ നല്കാത്തതിനും ധനകാര്യകമ്മിഷൻ ഗ്രാന്റ് അധികം ചെലവഴിച്ചതിനും രസീതുകളിൽ തീയതി രേഖപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കാനും കൂടാതെ ഗുണഭോക്തൃവിഹിതം ഒടുക്കിയ 29 ഗുണഭോക്താക്കൾക്ക് ബയോബിന്നുകൾ വിതരണം ചെയ്യുവാൻ നിലവിൽ സ്വീകരിച്ച നടപടി അറിയിക്കുവാനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം- 05/21.03.2023 ) ഗുണഭോക്തൃവിഹിതമിനത്തിൽ അടവാക്കാനുണ്ടായിരുന്ന 62920 രൂപ ( രസീത് നം1220201833/22.3.23 ) പഞ്ചായത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഹാജരാക്കുകയും ചുവടെ ചേർക്കും പ്രകാരം ശ്രീ സുബിൻ ബാബു , വി.ഇ.ഒ മറുപടി നല്കുകയും ചെയ്തു .

1. ബയോബിൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പദ്ധതികാലയളവിൽ കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിലെയും മണിമല ഗ്രാമ പഞ്ചായത്തിലെയും രണ്ട് സർക്കിൾ വീതം ഒരേ സമയം നാല് വി.ഇ.ഒ സർക്കിളിന്റെ ചുമതലയും പദ്ധതികളുടെ നിർവ്വഹണവും ഉണ്ടായിരുന്നു.

2.ടി പദ്ധതിയിൽ ഗുണഭോക്തൃവിഹിതം വാങ്ങുന്ന പ്രോജക്ട് ആദ്യമായി നിർവ്വഹണം നടത്തുകയും അധിക ജോലി ഭാരം മൂലം കൃത്യമായി പ്രോജക്ട് നിർവ്വഹണം നടത്താൻ സാധിക്കാതെ വരുകയും ചെയ്തു.

3. 400 ബയോബിന്നുകൾ ഒരു ഓഡിറ്റോറിയത്തിൽ ഇറക്കുകയും അവ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാതെ വരുകയും ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ലഭിക്കാതെ ഉപകരണങ്ങൾ വിതരണം ചെയ്യുകയുമാണ് ഉണ്ടായത്. ടി വിവരം പഞ്ചായത്ത് കമ്മിറ്റിയെ ബോധിപ്പിച്ചിട്ടുള്ളതുമാണ്.

4.രസീതുകളിൽ തീയതി രേഖപ്പെടുത്താത്തത് അറിവില്ലായ്മ മൂലമാണ്.

5.ഗുണഭോക്തൃ വിഹിതം മുൻകൂറായി ലഭിച്ചിരുന്നില്ല. ഉപകരണ വിതരണത്തിനു ശേഷം പല ഘട്ടങ്ങളിലായി മെമ്പർമാർ മുഖേനയാണ് ഗുണഭോക്തൃ വിഹിതം ലഭിച്ചത്. ആയതിനാലാണ് ഗുണഭോക്തൃവിഹിതം കൃത്യമായി അടയ്ക്കുവാൻ സാധിക്കാത്തത്. ലഭിച്ച ഗുണഭോക്തൃവിഹിതം ഓഫീസിൽ സൂക്ഷിച്ചിരുന്നു.

6. ഗുണഭോക്തൃവിഹിതം ഒടുക്കിയ 29 ഗുണഭോക്താക്കൾക്ക് ബയോബിന്നുകൾ വിതരണം ചെയ്യുവാൻ 2022-23 വർഷം പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുണ്ടെന്നും അറിയിച്ചു.

അധിക ജോലി ഭാരം ഉണ്ടെന്നൊഴികെ മറ്റെല്ലാം ബാലിശമായ മറുപടി ആയതിനാൽ മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം -1 , ആർട്ടിക്കിൾ- 7(1) പ്രകാരം പിരിവ് നടത്തുമ്പോൾ രസീത് നൽകണം എന്നും 7(2) പ്രകാരം തുക തൊട്ടടുത്ത പ്രവൃത്തി

ദിവസം തന്നെ ബാങ്ക് / ട്രഷറിയിൽ ഒടുക്ക് വരുത്തണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് നടക്കുന്ന തീയതി വരെ 62920 രൂപ കൈവശം സൂക്ഷിച്ചതിലൂടെ ഗുരുതരകൃത്യവിലോപമാണ് നടത്തിയിരിക്കുന്നത്. കൂടാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് പഞ്ചായത്തിൽ അടവാക്കി പ്രോജക്ട് നടപ്പാക്കാതിരുന്നതു വഴി ധനകാര്യകമ്മിഷൻ ഗ്രാന്റ് വിഹിതം അധികം ചെലവഴിച്ചതും ഗുണഭോക്തൃവിഹിതം നൽകിയവർക്ക് ബയോബിന്നുകൾ നൽകാതിരുന്നതും ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ധനകാര്യകമ്മിഷൻ ഗ്രാന്റ് വിഹിതത്തിൽ നിന്നും അധികം നല്കിയ തുകയായ 230560 രൂപ (PBIG വിഹിതമിനത്തിലും ഗുണഭോക്തൃ വിഹിതമിനത്തിലും നല്കേണ്ടിയിരുന്ന തുക) നിലവിൽ പഞ്ചായത്തിൽ അവശേഷിക്കുന്ന തുകയിൽ നിന്നും നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

തീയതി രേഖപ്പെടുത്താതെ രസീതുകൾ മുഖേന പണം പിരിക്കുന്നത് താൽക്കാലിക പണാപഹരണമായാണ് കണക്കാക്കേണ്ടത്. കൂടാതെ, മുൻവർഷങ്ങളിലും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ കൃത്യമായി ഫയലുകൾ സൂക്ഷിക്കുകയോ, ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിരുന്നില്ല എന്നതും ഗൗരവമായി കാണേണ്ടതാണ്. പഞ്ചായത്ത് ടി വിവരം മുൻവർഷം ടിയാന്റെ നിർവ്വഹണാധികാരിയെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. പ്രോജക്ട് നിർവ്വഹണത്തിലും രേഖകൾ കൃത്യമായി കൈകാര്യം ചെയ്യുന്നതിലും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

1-28 സ്ഥലം വാങ്ങി നല്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം 2 പേർക്ക് സ്ഥലം വാങ്ങുന്നതിനായി 225000 രൂപ വീതം 450000രൂപ അബ്ദുൾ മജീദ് എന്നയാൾക്ക് നല്കിയിട്ടുണ്ട്.

| പ്രോജക്ട് | ബിൽ നം./തീയതി |
|---|---|
| ലൈഫ് ഭവന നിർമ്മാണം (എസ്.സി) 35/22 | 3/12.8.21-225000 |
| ലൈഫ് ഭവന നിർമ്മാണം (എസ്.റ്റി) 48/22 | 5/12.8.21 -122800<br>6/12.8.21 -102200 |

ടി തുക ചെലവഴിച്ച് ആർക്കാണ് സ്ഥലം വാങ്ങി നല്കിയത് എന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/23.3.233 ) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടിയിനത്തിലെ ചെലവ് 450000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 കക്കൂസ് നിർമ്മാണം -തുക അധികം നല്കി

| | |
|---|---|
| പ്രോജക്റ്റ് നം | 198/22 |
| പ്രോജക്ടിന്റെ പേര് | കക്കൂസ് നിർമ്മാണം |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ-13-ാംധനകാര്യകമ്മിഷൻ ഗ്രാന്റ് | 448800 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1584000 |
| ആകെ | 2032800 |
| ചെലവ്-13-ാംധനകാര്യകമ്മിഷൻ ഗ്രാന്റ് | 289000 (ബിൽ നം.46/5.3.22) |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1009000 |

| | |
|---|---|
| ആകെ | 1298000 |

കക്കൂസ് നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് 15400 രൂപ വീതം (12000 കേന്ദ്രാവിഷ്കൃത ഫണ്ട് + 3400 ധനകാര്യകമ്മിഷൻ ഗ്രാന്റ് ) 84 ഗുണോക്താക്കൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ 84 ഗുണഭോക്താക്കൾക്ക് ആകെ ചെലവഴിക്കേണ്ടിയിരുന്ന തുക 1293600 രൂപ മാത്രമാണ്. എന്നാൽ മധു കെ.കെ. എന്ന ഗുണഭോക്താവിന് ആകെ 19800 രൂപ നല്കിയിട്ടുണ്ട്. (ബിൽ നം.46/5.3.22 - 3400, ബിൽ നം.56/2.3.22 -3400, PBIGഗ്രാന്റ് 21.12.21-6000, PBIGഗ്രാന്റ് 10.3.22-7000). ഇപ്രകാരം 4400 രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ് -3400+PBIGഗ്രാന്റ്-1000) അധികം നൽകിയതിനു വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/22.3.23) സാമ്പത്തികവർഷാവസാനത്തെ തിരക്കുകൾ മൂലം പിഴവ് സംഭവിച്ചതാണെന്നു മറുപടി നല്കുകയും അധികം നല്കിയ 4400 രൂപ 1220100959/25.7.22 (1000 രൂപ) , 1220201854/23.3.23 (3400രൂപ) നം. രസീതുകൾ പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ കമ്മിഷൻ ഗ്രാന്റിനത്തിലെ 3400 രൂപ തനത് ഫണ്ടിൽ അടവാക്കിയത് പ്രസ്തുത അക്കൗണ്ടിലേക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. കേന്ദ്രാവിഷ്കൃത വിഹിതമിനത്തിലെ 1000/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നത് കണക്കുകളിൽ ക്രമീകരിക്കേണ്ടതുമാണ്.

## 1-30 ലൈഫ് ഭവന പദ്ധതി

ഫയൽ പരിശോധനയിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ കാണപ്പെട്ടു.

* ഭവനനിർമ്മാണം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തിയ സർട്ടിഫിക്കറ്റ് മിക്ക ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

* ഗുണഭോക്താവ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിർമ്മാണം സംബന്ധിച്ച ഫോട്ടോ എടുത്ത് നൽകുന്നില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ ഫോട്ടോയും മിക്ക ഫയലുകളിലും ഇട്ടിട്ടില്ല.

* ഒരു ഫയലിലും മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. അതാത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പോലും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-31 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾക്കായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷം നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഫണ്ടിനം | നിക്ഷേപിച്ച തുക<br>ബിൽ നം./തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|
| S106/22,<br>കുഴൽ കിണർമെയിന്റനൻസ് | ധനകാര്യകമ്മീഷൻഗ്രാന്റ് | XVFC/2021-22 /P/,5/dt 19.2.22<br>350,000 | ഭൂജലവകുപ്പ്,കോട്ടയം |
| SO209/22<br>കുഴൽ കിണർനിർമ്മാണം | ധനകാര്യകമ്മീഷൻഗ്രാന്റ് | XVFC/2021-22 /P/9/dt 13.3.22<br>1082200 | ഭൂജലവകുപ്പ്,കോട്ടയം |

| | | | |
|---|---|---|---|
| | ആകെ | 1432200 | |

ഭൂജലവകുപ്പിൽ തുക നിക്ഷേപിക്കുമ്പോൾ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്.എന്നാൽ നിർവ്വഹണ ഏജൻസിയുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകൾ പൂർത്തീകരിച്ച് നിർവ്വഹണസ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതുവരെ ചെലവഴിച്ച തുക1432200 /രൂപ തടസ്സപ്പെടുത്തുന്നു.

1-32 തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു

പൊതു/വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് സെക്യൂർ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 11600/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 580രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു.2021-22 വർഷം എത്ര പ്രവർത്തികൾക്ക് സിമന്റിന് മാർക്കറ്റ് റേറ്റിനേക്കാൾ അധികം തുക നൽകി / നൽകാനുണ്ട് എന്നും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം-11/22.03.23 ) ചില വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തുക അധികം നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി . 2022-23 കാലയളവിൽ അനേകം പ്രവൃത്തികൾക്കും ഇത്തരത്തിൽ തുക അധികം നൽകിയിട്ടുണ്ട് . നിലവിൽ സെക്യൂർ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 12288/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614.40 രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ പരാമർശിക്കും പ്രകാരം ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇനി തുക അനുവദിക്കുവാനുള്ള പ്രവൃത്തികളിലും തുടർന്ന് ഏറ്റെടുക്കുന്ന പ്രവർത്തികളിലും മേൽ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സിമന്റിന്റെ വില അനുവദിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബാരൽ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലി ബാരൽവില ബില്ലുകളിൽ കുറവ് ചെയ്യുന്നില്ല എന്ന് കണ്ടു . കാലി ബാരൽവില , 18 % ജി എസ് ടി ഉൾപ്പെടെ ബില്ലിൽ കുറവ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി ( 13/22-03-23) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. 2021-22 ൽ നിർവ്വഹിച്ച റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ കാലി ബാരൽ വിലയും, ജി എസ് ടി യും കണക്കാക്കി വിശദമായ സ്റ്റേറ്റ്മെന്റ് സഹിതം ആയവ ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-34 പൊതു ശുചിത്വ സമുച്ചയം - നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുക

മണിമല ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന് സമീപം പൊതു ശുചിത്വ സമുച്ചയം നിർമ്മിക്കുന്നതിനായി സി എഫ് സി ഗ്രാന്റ്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഉപയോഗിച്ച് 2017-18 വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 1275000 രൂപ എസ്റ്റിമേറ്റിന് തയ്യാറാക്കിയ പ്രോജക്ടാണിത്. ഫണ്ടിന്റെ

അപര്യാപ്തത മൂലം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. 21/03/18 ൽ പ്രവൃത്തി തുടങ്ങിയെങ്കിലും നിർമ്മാണവേളയിൽ ഫൗണ്ടേഷന് വേണ്ടി മണ്ണ് നീക്കം ചെയ്തപ്പോൾ Hard Strata ലഭിക്കുന്നതിനായി കൂടുതൽ Loose Soil നീക്കം ചെയ്യേണ്ടി വരികയും ഫൗണ്ടേഷന് അടിയിലുള്ള കോളത്തിന് ആഴം കൂടിയതിനാൽ ഗ്രൗണ്ട് ലെവലിൽ ഒരു RCC Plinth Beam With Slab ഉം കൊടുക്കേണ്ടതായി വരുകയും ചെയ്തു. മാറ്റങ്ങളുൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുകയും സി എഫ് സി ഫണ്ടിൽ നിന്നും 2,55,000 രൂപ 2021-22 ൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ബിൽ നം. 300/ 22-03-22) ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയിൽ മാറ്റം വന്ന സാഹചര്യത്തിൽ ഫിനിഷിംഗ് പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യമായിരുന്നു 2021-22 ൽ നിലവിലുണ്ടായിരുന്നത്. തുടർന്ന് 2022-23 ൽ കേന്ദ്ര, സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ കൂടി ഉപയോഗിച്ച് ടോയ് ലറ്റിന് ഭിത്തി കെട്ടി, മുറികൾ തിരിച്ച്, മേൽക്കൂര വാർക്കുന്നത് വരെയുള്ള പ്രവൃത്തികളാണ് പൂർത്തീകരിച്ചത്. 23/03/23 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ നിലവിലും കെട്ടിടം മേൽ അവസ്ഥയിലാണെന്ന് കണ്ടു. ഫിനിഷിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി ഫണ്ട് സമാഹരിച്ച് പുതിയ പ്രോജക്ട് രൂപീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ടതും കെട്ടിടം ഉപയുക്തമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.




1-35 വട്ടുകുന്നാമല പൊതുശ്മശാനം നവീകരണം - എർത്ത് ഫില്ലിംഗ് - കൺസോളിഡേഷൻ തുക കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ട് | 144/22 |
| ചെലവ് | 793176 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>(ബിൽ നം - 100/11-11-21 , 309/24-03-22) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| കരാറുകാരൻ | മനോജ് തോമസ് |

വാർഡ് 10 ൽ സ്ഥിതിചെയ്യുന്ന വട്ടുകുന്നാമല പൊതുശ്മശാനം മെയിന്റനൻസ് നടത്തി സംരക്ഷിക്കുക എന്ന പ്രവൃത്തിയിൽ ചുവടെ ചേർക്കുന്ന അപാകത കാണപ്പെട്ടു.

മണ്ണ് ഫില്ലിംഗ് പ്രവൃത്തി - കൺസോളിഡേഷൻ കുറവ് ചെയ്തില്ല

പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി എക്സ്ട്രാ ഇനം 4 ആയി ചെയ്തിട്ടുള്ളത് 32.74 ഘനമീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ചുള്ള മണ്ണ്ഫില്ലിംഗ് പ്രവൃത്തിയാണ്. മേൽ പ്രവൃത്തിയിൽ

എം ബുക്ക് പ്രകാരം റാമിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡി എസ് ആർ സ്പെസിഫിക്കേഷൻ പ്രകാരം കൺസോളിഡേഷന് 10% കുറവ് വരുത്തിയാണ് തുക നൽകേണ്ടത്. എന്നാൽ എം ബുക്ക് 55 A / 19-20 പേജ് നം. 01, 10 പ്രകാരം കൺസോളിഡേഷന് 10% തുക കുറവ് ചെയ്തിട്ടില്ലാത്തതായി കാണുന്നു.അധികം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മണ്ണ് ഫില്ലിംഗ് ആകെ അളവ് | 32.74 ഘ.മീ |
| 10% കൺസോളിഡേഷൻ പ്രകാരം കുറവ് ചെയ്യേണ്ട അളവ് | 3.274ഘ.മീ |
| അനുവദിക്കാവുന്ന അളവ് | 29.466 ഘ.മീ |
| അനുവദിച്ച തുക | 32.74x 428.73 = 14036.62 |
| അനുവദിക്കാവുന്ന തുക | 29.466 X 428.73 = 12632.95രൂപ |
| അധികം അനുവദിച്ച തുക | 1403.67 രൂപ |

കരാറുകാരനിൽ നിന്നും തുക ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/22-03-23) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-36 9-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് - നിർവ്വഹണത്തിലെ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം , പ്രോജക്റ്റ് | 141/22, 9-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് |
| ചെലവ് | 163057 (എസ് സി പി))<br>ബിൽ നം .203/16.02.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| കരാറുകാരൻ | ജോർജ്ജ് കുട്ടി ദേവസ്യ |

പ്രവൃത്തിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/22-03-23)മറുപടി ലഭ്യമാക്കിയില്ല.

1. Appendix 2 ,ഇനം 15.12.1 ൽ പഴയ വാതിലുകൾ, ജനലുകൾ Dismantle ചെയ്തതിന് (6 എണ്ണം ) അസി.എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ആയവ ലേലം നടത്തിയിട്ടില്ല.

2. 11.02.20 ന് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി. എന്നാൽ 03/03/20 നാണ് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടത്. PAC തുകയായ 219533 രൂപയുടെ 1% തുക പിഴയായി ബില്ലിൽ കുറവ് ചെയ്തിട്ടില്ല.

3. സെലക്ഷൻ നോട്ടീസ് പ്രകാരം 11.05.20 ലാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്.എന്നാൽ 16.02.22 നാണ് ഫൈനൽ ബിൽ തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരണ തീയതി ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. കാലതാമസത്തിനുള്ള കാരണവും പ്രവൃത്തി പൂർത്തീകരണ തീയതിയും മറ്റ് വിവരങ്ങളുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/22.03.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രോജക്റ്റിനായി ചെലവഴിച്ച 163057 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 പട്ടികജാതി ഉപപദ്ധതികൾ - പ്രോജക്റ്റിനൊപ്പം സാമൂഹ്യ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല.

സർക്കാർ ഉത്തരവ് (കൈ) നം .11/2018/തസ്വഭവ/ 29.01.2018 ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതികൾ തയ്യാറാക്കുമ്പോൾ പട്ടികജാതി വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി

പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പട്ടികജാതി ഉപപദ്ധതി പ്രോജക്ടുകളിൽ സാമൂഹ്യ ഭൂപടം തയ്യാറാക്കി പ്രോജക്ടിനൊപ്പം സൂക്ഷിച്ചിരുന്നില്ല.

| പ്രോജക്ട് | തുക (എസ് സി പി) |
|---|---|
| 142/22, കുവക്കാവ് സ്കൂൾപടി മുക്കട റബ്ബർബോർഡ് ജംഗ്ഷൻ റോഡ് മെയിന്റനൻസ് | 1120538 |
| 141/22, 9-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | 163057 |
| 169/22, 36 സെന്റ് കോളനി റോഡ് സംരക്ഷണവും സംരക്ഷണഭിത്തി നിർമ്മാണവും | 163561 |

പട്ടികജാതി ഉപപദ്ധതി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സാമൂഹ്യ ഭൂപടം തയ്യാറാക്കി പ്രോജക്ടിനൊപ്പം സൂക്ഷിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-38 ദുരിതാശ്വാസനിധി തനത് ഫണ്ട് സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടിലും സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ച് മണിമല സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരുന്നത്.(A/C NO.450430104) എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലും ദുരിതാശ്വാസനിധി സൂക്ഷിക്കുന്നതായി വ്യക്തമായി.2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് ആയതിനായി രൂപീകരിച്ചിട്ടുള്ള അക്കൗണ്ടിലേയ്ക്ക് മാറ്റിയിടേണ്ടതും,ദുരിതാശ്വാസനിധിയിലേയ്ക്ക് കൂടുതൽ തുക സമാഹരിച്ച് അർഹതപ്പെട്ടവർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ധനസഹായം നൽകാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ദുരിതാശ്വാസനിധിയുടെ 2021-22വർഷത്തെ വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 22000(എസ്.ബി.ഐ)<br>959(മണിമല എസ്.സി.ബി) |
| വരവ് | 23000 |
| ചെലവ് | 20098(മണിമല എസ്.സി.ബി)<br>10000( എസ്.ബി.ഐ) |
| നീക്കിയിരുപ്പ് | 3861(മണിമല എസ്.സി.ബി)<br>12000( എസ്.ബി.ഐ) |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 14/06/2022-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 17/03/2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം- 3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 38.45 ലക്ഷം രൂപയും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 4,673,296/- രൂപയും പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. ജില്ലാ-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 2021-22 | 199,196/- | പാലിയേറ്റീവ് കെയർ പരിചരണം (29/22) | 199,196/- | 0 |
| | 2021-22 | 2,207,200/- | ലൈഫ് ഭവന നിർമ്മാണം (എസ്.സി.) (35/22) | 2,207,200/- | 0 |
| | 2021-22 | 202,200/- | ലൈഫ് ഭവന നിർമ്മാണം (എസ്.റ്റി.) (48/22) | 202,200/- | 0 |
| | 2021-22 | 269,700/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(15/22) | 269,700/- | 0 |
| | 2021-22 | 300,000/- | അങ്കണവാടി അനുപൂരക പോഷകാഹാരം-ജനറൽ (14/22) | 300,000/- | 0 |
| | 2021-22 | 370,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(13/22) | 370,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 1,125,000/- | ലൈഫ് ഭവന നിർമ്മാണം (ജനറൽ) (99/22) | 1,125,000/- | 0 |
| | ആകെ | 4,673,296/- | ആകെ ബ്ലോക്ക് വിഹിതം 2021-22 | 4,673,296/- | 0 |
| കോട്ടയം ജില്ല പഞ്ചായത്ത് | 2021-22 | 75,000/- | കിഴങ്ങുകൃഷി(125/22) | 75,000/- | 0 |
| | 2021-22 | 2,965,000/- | ലൈഫ് ഭവന നിർമ്മാണം (എസ്.സി.) (35/22) | 2,965,000/- | 0 |
| | 2021-22 | 60,000/- | ലൈഫ് ഭവന നിർമ്മാണം (എസ്.റ്റി.) (48/22) | 60,000/- | 0 |
| | 2021-22 | 400,000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(15/22) | 400,000/- | 0 |
| | 2021-22 | 195,000/- | അങ്കണവാടി അനുപൂരക പോഷകാഹാരം-ജനറൽ (14/22) | 195,000/- | 0 |
| | 2021-22 | 150,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(13/22) | 150,000/- | 0 |
| | ആകെ | 3,845,000/- | ജില്ല പഞ്ചായത്ത് വിഹിതം | 3,845,000/- | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ച 15/22 നം. പ്രോജക്ടിൽ ബ്ലോക്ക് വിഹിതം ചെലവ് 269,700/- രൂപയിൽ 137,000/- രൂപ മാത്രമാണ് ചെലവ് പത്രികയിൽ പ്രതിഫലിച്ചത്. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 132,700/- രൂപ നൽകിയത് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ ചെലവ് പത്രിക പ്രകാരം ആകെ ബ്ലോക്ക് വിഹിതം ചെലവിൽ 132,700/- രൂപ കുറവായിട്ടാണ് ചെലവ് പത്രികയിലും ധനകാര്യ പത്രികയിലും പ്രതിഫലിക്കുന്നത്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി ഭൂജല വകുപ്പിൽ (GWD) 1,432,200/- രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | കുഴൽ കിണർ മെയിന്റനൻസ് | 350,000/- | ഇല്ല | 350,000/- |

| | | | | |
|---|---|---|---|---|
| | (106/22) | | | |
| | കുഴൽ കിണർ നിർമ്മാണം (209/22) | 1,082,200/- | ഇല്ല | 1,082,200/- |
| ആകെ | | 1,432,200/- | - | 1,432,200/- |

പ്രോജക്റ്റ് നം.131/22 പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ചെവഴിച്ച 4 ലക്ഷം രൂപ കെ.എസ്.ഇ.ബി.-യിൽ നിക്ഷേപമായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് (RP-47 ഷെഡ്യൂൾ 460500202 ശീർഷകം). പ്രവൃത്തി ചെയ്തതിന് കരാറകാരന് നൽകിയ തുക നിക്ഷേപമായി അക്കൗണ്ട് ചെയ്തത് അക്കൗണ്ടിംഗ് അപാകതയാണ്. ടി ശീർഷകത്തിലെ അക്കൗണ്ടിംഗ് അപാകത മൂലം 31/03/2022 ബാലൻസ് ഷീറ്റിൽ 4 ലക്ഷം രൂപ അധികമായി പ്രതിഫലിക്കുന്നു. അപാകത ജേർണൽ വൗച്ചർ മുഖേന 2022-23 വർഷം തന്നെ പരിഹരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 5,165,825/- | ഇല്ല | 1,275,999/- | - | 3,889,826/- |

വികസന ഫണ്ട്(General), വികസന ഫണ്ട്(SCSP), വികസന ഫണ്ട്(TSP) എന്നീ ഫണ്ടുകളുടെ 2021-22 വർഷത്തെ അലോട്ട്മെന്റിൽ യഥാക്രമം 836,000/- രൂപ, 425,333/- രൂപ, 14,666/- രൂപ എന്നിങ്ങനെ ആകെ 1,275,999/- രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരമുള്ള 2021-22 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 140,875/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 10,213/- |
| ആകെ | 151,088/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2022-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 151,088/- |

സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ സ്ഥിരനിക്ഷേപ രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ നിക്ഷേപ തുകയിലേക്ക് ചേർക്കുകയാണ്

ചെയ്തിട്ടുള്ളത്. സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | The Manimala Service Co-Operaive Bank Ltd No.K-641, Manimala |
| ബാങ്ക് ശാഖ | കറിക്കാട്ടൂർ |
| എഫ്. ഡി. അക്കൗണ്ട് നം. | 3325 |
| വാർഷിക പലിശ നിരക്ക് | 7.25% |
| 2021-22 പലിശ വരവ് | 10,213/- രൂപ |
| 31/03/2022-ൽ നിക്ഷേപം | 151,088/- രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ നിലവിലുണ്ടെങ്കിലും ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

മണിമല ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 2001-02 Plan | 1 | 2003-04 | 3-5-1 | ജലസേചന പദ്ധതികളിൽ പാഴ്ചെലവ് (ആകെ 3,351,484/- രൂപ) | നിയമസഭാ സമിതി 2016-19 യുടെ 32-മത് റിപ്പോർട്ട് ഖ.2-9-5 പ്രകാരം പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ നിർദ്ദേശിച്ചു. പരാമർശിത ജലസേചന പദ്ധതികളിൽ കൊന്നക്കുളം, കുറിഞ്ഞിപ്പുരയിടം എന്നിവ നിലവിൽ പ്രവർത്തിക്കുന്നതായി പഞ്ചായത്തിൽ നിന്ന് അറിയിച്ചു |
| 2010-11 | - | 2012-13 | 2-6 പേജ് 36 | ലൈബ്രറികളുടെയും സാംസ്കാരിക | നിയമസഭാ സമിതി 2016-19 യുടെ 32-മത് |

| | | | | | |
|---|---|---|---|---|---|
| | | | | നിലയങ്ങളുടെയും നടത്തിപ്പ്- നിയമാവലിയില്ല. അനുബന്ധ സൗകര്യങ്ങളില്ല. കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല. | റിപ്പോർട്ട് ഖ.88 പ്രകാരം ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വായന മുറി സജ്ജമാക്കി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന് നിർദ്ദേശിച്ചെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ല. ലൈബ്രറിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. |
| 2014-15 | 2-2-2<br>2-2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2017-18 | 3-2 | 2018-19 | കോട്ടയം ജില്ല-3 | പട്ടികജാതി വികസനത്തിനായി ലഭിച്ച 31.64 ലക്ഷം രൂപ ചെലവഴിക്കാതെ സർക്കാർ കമ്പനിയിൽ ഡെപോസിറ്റായി സൂക്ഷിക്കുന്നു. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

മണിമല ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | : | 93,000,117/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77,851,601/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,72,954/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക- നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 52,697/- | ഡോ. മുഹമ്മദ് ആസിഫ്, മെഡിക്കൽ ഓഫീസർ(PHC) |
| 1-26 | 375,000/- | ഡോ. ജ്യോതിസ് കെ. എം., വെറ്റിനറി സർജൻ |
| 1-28 | 450,000/- | സുബിൻ ബാബു കെ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-31 | 1,432,200/- | ഷിജുകുമാർ സി., സെക്രട്ടറി |
| 1-36 | 163057 | അനീഷ് കെ ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 24,72,954/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.1-15

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 28/02/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(വരവ്) | കെ.എസ്.എ- കെ.ടി.എം.പി13-1669/16 /09.08.2017 | 1 |
| 1997-98(വരവ്) | എൽ.എഫ്.കെ.പി9-1233/2007 /02.01.2009 | - |
| 1998-99(ചെലവ്) | കെ.എസ്.എ- കെ.ടി.എം.പി11/അദാ- | 4 |

| | | |
|---|---|---|
| | 2022/121(2)/2022 /03.08.2022 | |
| 1998-99(വരവ്) | കെ.എസ്.എ-കെ.ടി.എം.പി13-1669(3)/16 /09.08.2017 | 1 |
| 2000-01 & 2001-02(Plan) | കെ.എസ്.എ-കെ.ടി.എം.പി13-1804/16 /05.12.2017 | 9 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/121(4)/2022 /03.08.2022 | 8 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/121(5)/2022 /03.08.2022 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/121(6)/2022 /03.08.2022 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/121(7)/2022 /03.08.2022 | 1 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(1)/2022 /03.08.2022 | 5 |
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(2)/2022 /03.08.2022 | 18 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(3)/2022 /03.08.2022 | 8 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(4)/2022 /03.08.2022 | 3 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(5)/2022 /03.08.2022 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(6)/2022 /03.08.2022 | 8 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി11-1933/2016/17.07.2017 | 22 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11-420/2018/14.03.2018 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1413/2018/10.02.2021 | 18 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/1143/2019/15.02.2020/26.03.2020 | - |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി11/943/2022/07.06.2022/07.08.2022 | - |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി11/1384/2022/26.11.2022/01.12.2022 | 18 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്